## <u>സൈപ്രസ് പ്രസിഡണ്ടിന്റെ ഔദ്യോഗിക ഇന്ത്യാ സന്ദര്ശനം (25 -29 ഏപ്രില്, 2017 )</u>

ഏപ്രില് 24, 2017

റിപ്പബ്ലിക് ഓഫ് സൈപ്രസ് പ്രസിഡണ്ട് ഹിസ് എക്സലന്സി ശ്രീ നികോസ് അനസ്താസിയാദസേ്, ഇന്ത്യയുടെ രാഷ്ട്രപതി ആദരണീയനായ ശ്രീ പ്രണബ് മുഖര്ജിയുടെ ക്ഷണം സ്വീകരിച്ചു കൊണ്ട് ഔദ്യോഗിക ഇന്ത്യാ സന്ദര്ശനത്തിന് ഏപ്രില് 25-29, 2017 നു എത്തുന്നു

ഇന്ത്യയിലേക്ക് പ്രസിഡണ്ട് അനസ്താസിയാദസേ് നടത്തുന്ന ആദ്യ സന്ദര്ശനം ആണിത് . നേരത്തെ, സെപ്തംബര് 2015 ല് ന്യൂയോര്ക്കില് നടന്ന യുണൈറ്റഡ് നേഷന്സ് ജനറല് അസംബ്ലിയുടെ ഭാഗമായി പ്രധാനമന്ത്രി മോദിയുമായി അദ്ദേഹം പ്രധാനപ്പെട്ട ചര്ച്ചകള് നടത്തിയിരുന്നു

സന്ദര്ശനത്തിന്റെ ഭാഗമായി പ്രസിഡണ്ട്ഏപ്രില് 25 നു മുംബയില് എത്തുമെന്ന് കരുതപ്പെടുന്നു . അവിടെ അദ്ദേഹം മഹാരാഷ്ട്ര ഗവര്ണറുമായി കൂടിക്കാഴ്ച നടത്തും, അതോടൊപ്പം ഏപ്രില് 26 നു ഒരു ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യുകയും ചെയ്യും. അദ്ദേഹം ഏപ്രില് 26 നു ഡല്ഹിക്ക് തിരിക്കും. ഏപ്രില് 27 നു അദ്ദേഹം ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യുകയും ഒബ്സര്വര് റിസര്ച്ച് ഫൌണ്ടേഷനില് ഒരു പ്രഭാഷണം നടത്തുകയും ചെയ്യും . ഏപ്രില് 28 നു അദ്ദേഹത്തിന് രാഷ്ട്രപതിഭവനില് ഔപചാരികമായ ഗാര്ഡ് ഓഫ് ഓണര് നല്കുകയും അതെ തുടര്ന്ന് അദ്ദേഹം രാജ്ഘട്ടില് , മഹാത്മാ ഗാന്ധിയുടെ സമാധിയില് പുഷ്പചക്രം അര്പ്പിക്കുകയും ചെയ്യും . അന്നേ ദിവസം അദ്ദേഹത്തിന്റെ പരിപാടികളില് ആദരണീയനായ രാഷ്ട്രപതിയുമായി കൂടിക്കാഴ്ച ഉണ്ട് , രാഷ്ട്രപതിജി പ്രസിഡണ്ട് അനസ്താസിയാദസിന്റെ ബഹുമാനാര്ഥം ഒരു സല്ക്കാരം സംഘടിപ്പിക്കും , പ്രധാനമന്ത്രി മോദിയുമായി പ്രതിനിധി തല ചര്ച്ച നടത്തും. അതിനു പുറമേ ആദരണീയനായ ഉപരാഷ്ട്രപതി പ്രസിഡണ്ട് അനസ്തസിയാദസുമായി കൂടിക്കാഴ്ച നടത്തും, കേന്ദ്ര വിദേശകാര്യ മന്ത്രിയും കൂടിക്കാഴ്ച നടത്തും. പ്രസിഡണ്ട് അനസ്തിയാദാസ് ഏപ്രില് 29 പുലര്ച്ചെ ഡല്ഹിയില് നിന്നും മടങ്ങും

ഇന്ത്യയും സൈപ്രസും വളരെ അടുത്ത , സൌഹൃദമുള്ള , കാലങ്ങളുടെ പരീക്ഷണത്തെ അതിജീവിച്ച ബന്ധമാണ് പുലര്ത്തുന്നത് . നിരവധി ആഗോള വിഷയങ്ങളില് ഇരു രാജ്യങ്ങള്ക്കും വളരെ സാമ്യമായ കാഴ്ചപ്പാടുകള് ആണുള്ളത്. മിക്കവാറും എല്ലാ സൈപ്രസ് പ്രസിഡണ്ടുമാരും ഔദ്യോഗിക സന്ദര്ശനങ്ങള്ക്ക് ഇന്ത്യയില് എത്തിയിട്ടുണ്ട് . ഒക്ടോബര് 2009ല് അന്നത്തെ പ്രസിഡണ്ട് ശ്രീമതി പ്രതിഭ ദേവിസിംഗ് പാട്ടീല് സൈപ്രസിലേക്ക് ഔദ്യോഗിക സന്ദര്ശനം നടത്തിയിരുന്നു .

സപൈെരസും  ഇന്ത്യയും തമ്മില് വന് സാമ്പത്തിക ബന്ധങ്ങള് ആണുള്ളത് . സപൈെരസ് ഇന്ത്യയിലെ പ്രധാന നിക്ഷപകര് ആണ്.  ഏകദശേം 8.5 ബില്യണ് അമരേിക്കന് ഡോളര്  വര്ധിക്കുന്ന നരേിട്ടുള്ള വിദശേ  നിക്ഷപേത്തോടെ സപൈെരസ് ആണ് ഇന്ത്യയിലെ ഏറ്റവും വലിയ എട്ടാമത്തെ നിക്ഷപകര്, അവര് ഫിനാന്ഷ്യല് ലീസിംഗ്, സ്റ്റോക്ക് എക്സ്ചഞ്ചേ് , ഒരു മാനുഫാക്ച്ചര് , നിര്മാണ വ്യവസായങ്ങള്, റിയാല് എസ്റ്ററേ്റ്, കാര്ഗോ ഹാന്ഡ്ലിംഗ് , നിര്മാണം, സിപ്പിംഗ് , ലോജിസ്റ്റിക്സ് തുടങ്ങിയ മഖേലകളില് ആണ് നിക്ഷപിച്ചിരിരിക്കുന്നത്.  ഫാര്മസ്യൂട്ടിക്കല്സ്, നവീകരിക്കാവുന്ന ഊര്ജം, ടൂറിസം, ഫിലിം നിര്മാണം എന്നീ മഖേലകളില് സഹകരണത്തിന് സാധ്യതയുണ്ട് .ചില ധാരണാ പത്രങ്ങള് / കരാറുകള് എന്നിവ ഇപ്പോള് ചര്ച്ചകളില് ആണ്, അവ സന്ദര്ശനത്തോട് അനുബന്ധിച്ച് ഒപ്പ് വയ്ക്കും .

ന്യൂഡല്ഹി
ഏപ്രില് 24, 2017